പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 667 | 13-10-2026-ൽ മറുപടിയ്ക്ക്

# സഹകരണ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. സുമേഷ് അച്യുതൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സാമ്പത്തികമായി ദുർബലമായ സഹകരണ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സാമ്പത്തികമായി ദുർബലമായ സഹകരണ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി നിലവിൽ 2 പദ്ധതികൾ ആണ് ഉള്ളത് .അവ ചുവടെ ചേർക്കുന്നു :

i) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന പ്രവർത്തനമാന്ദ്യം സംഭവിച്ച അംഗസംഘങ്ങൾക്കായുള്ള പുനഃരുദ്ധാരണ പദ്ധതി:-

ആസ്തിശോഷണത്തിലും അറ്റനഷ്ടത്തിലും പ്രവർത്തിക്കുന്ന അംഗസംഘങ്ങളെ, ആസ്തിശോഷണവും അറ്റനഷ്ടവും നികത്തി സുശക്തമായ നിലയിൽ എത്തിക്കുന്നതിന് ഉതകുന്ന തരത്തിൽ പൊതുവായ ചില ഉപാധികളുടെയും ധാരണകളുടെയും അടിസ്ഥാനത്തിൽ ഒരു നിശ്ചിത പദ്ധതി പ്രകാരം സഹകരണ വികസനക്ഷേമനിധി ബോർഡിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് പ്രവർത്തനമാന്ദ്യം സംഭവിച്ച അംഗസംഘങ്ങൾക്കായുള്ള പുനഃരുദ്ധാരണ പദ്ധതി . സാമ്പത്തിക ക്രമക്കേടുകൾ മൂലമോ ദുർഭരണം മൂലമോ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും പ്രവർത്തനം മന്ദീഭവിച്ചതുമായ അംഗ സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

ii) കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് പദ്ധതി 2025 ".

അസാധാരണ സാഹചര്യങ്ങൾ മൂലം പ്രവർത്തന രഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങളെ പുനർ ജീവിപ്പിക്കുന്നതിനായി പദ്ധതിയിൽ പരാമർശിക്കുന്ന ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ, 1969 ലെ സഹകരണ സംഘം നിയമം വകുപ്പ് 57 (ഇ) യുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ 15.04.2025ലെ G.O(P) No. 49/2025/coop നമ്പർ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ടതാണ് "കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് പദ്ധതി 2025."

**(ബി)** സംസ്ഥാനത്തെ സാമ്പത്തികമായി ദുർബലമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സംഘങ്ങളുടെ കണക്ക് ജില്ല തിരിച്ച് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**മറുപടി:** സംസ്ഥാനത്തെ സാമ്പത്തികമായി ദുർബലമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സംഘങ്ങളുടെ കണക്ക് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു .

| നമ്പർ : | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 867 |
| 2 | കൊല്ലം | 221 |
| 3 | പത്തനംതിട്ട | 530 |
| 4 | ആലപ്പുഴ | 420 |
| 5 | കോട്ടയം | 606 |
| 6 | എറണാകുളം | 485 |
| 7 | തൃശ്ശൂർ | 461 |
| 8 | പാലക്കാട് | 22 |
| 9 | കോഴിക്കോട് | 760 |
| 10 | മലപ്പുറം | 26 |
| 11 | വയനാട് | 195 |
| 12 | കണ്ണൂർ | 734 |
| 13 | ഇടുക്കി | 356 |
| 14 | കാസർഗോഡ് | 382 |
| | ആകെ | 6065 |

**(സി)** സർക്കാർ ധനസഹായം ലഭിച്ചിട്ടും പ്രവർത്തനം മെച്ചപ്പെടാത്ത സഹകരണ സ്ഥാപനങ്ങൾ നിലവിലുണ്ടോ; എങ്കിൽ അവയുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; പ്രസ്തുത സ്ഥാപനങ്ങൾ മെച്ചപ്പെടാത്തതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**മറുപടി:** സർക്കാർ ധനസഹായം ലഭിച്ചിട്ടും പ്രവർത്തനം മെച്ചപ്പെടാത്ത സഹകരണ സ്ഥാപനങ്ങളുടെ വിവരം ജില്ല തിരിച്ചു താഴെ ചേർത്തിരിക്കുന്നു :

| നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 19 |

| | | |
|---|---|---|
| 2 | കൊല്ലം | 28 |
| 3 | പത്തനംതിട്ട | 0 |
| 4 | ആലപ്പുഴ | 2 |
| 5 | കോട്ടയം | 0 |
| 6 | എറണാകുളം | 51 |
| 7 | തൃശ്ശൂർ | 28 |
| 8 | പാലക്കാട് | 11 |
| 9 | കോഴിക്കോട് | 59 |
| 10 | മലപ്പുറം | 21 |
| 11 | വയനാട് | 0 |
| 12 | കണ്ണൂർ | 3 |
| 13 | ഇടുക്കി | 0 |
| 14 | കാസർഗോഡ് | 14 |
| | ആകെ | 236 |

മേൽ സഹകരണ സ്ഥാപനങ്ങൾ മെച്ചപ്പെടാത്തതിന്റെ കാരണങ്ങളെപ്പറ്റി പഠനം നടത്തിയിട്ടില്ല .

**സെക്ഷൻ ഓഫീസർ**